**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 571** **23-06-2026-ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയുടെ വിപുലീകരണത്തിന് നടപടികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. വി. സുമേഷ്

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** കേരളത്തിലെ സഹകരണ മേഖല കൂടുതൽ വിപുലീകരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ?

**മറുപടി:** കേരളത്തിലെ സഹകരണ മേഖല കൂടുതൽ വിപുലീകരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

**1. 100 % ഊർജ്ജ സ്വയം പര്യാപ്ത ഗ്രാമങ്ങൾ**

സഹകരണ സംഘങ്ങൾക്കിടയിൽ സൗരോർജ്ജം സ്വീകരിക്കുന്നത് പ്രോത്സാഹിപ്പിക്കുക, പുനരുപയോഗിക്കാനാവാത്ത ഊർജ്ജ സ്രോതസ്സുകളെ ആശ്രയിക്കുന്നത് കുറയ്ക്കുക, കൂടുതൽ സുസ്ഥിരമായ ഭാവിയ്ക്ക് സംഭാവന നൽകുക എന്നിവയാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. 1000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ള സ്വന്തം കെട്ടിടമുള്ള സഹകരണ സംഘങ്ങൾക്ക് നിർബന്ധിത മേൽക്കൂര, സോളാർ ഇൻസ്റ്റലേഷനുകൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതിയാണിത്.

**2. ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് ബോർഡിനുള്ള ധനസഹായം.**

സർക്കാർ നയത്തിന്റെ ഭാഗമായി സഹകരണ മേഖലയിലെ നിക്ഷേപം സംരക്ഷിക്കുന്നതിനും സഹകരണ സംഘാംഗങ്ങളുടെ വിശ്വാസ്യത നിലനിർത്തുന്നതിനുമായി ഡോപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് ബോർഡിനെ ശക്തിപ്പെടുത്തുന്നതിനുമായി ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് ബോർഡിന്റെ കോർപ്പസ് ഫണ്ടിലേയ്ക്ക് സർക്കാർ ധനസഹായമായി തുക അനുവദിക്കുന്ന പദ്ധതിയാണിത്.

**3. സഹകരണ മേഖലയിൽ പി.സി.പി മാതൃകയിലുള്ള പ്രോജക്ടുകൾ ആരംഭിക്കുന്നതിന് ധനസഹായം**

പൊതു - സഹകരണ പങ്കാളിത്ത (Public Cooperative Partnership - PCP) പദ്ധതി എന്നത് സർക്കാർ സ്ഥാപനങ്ങളും സഹകരണ സ്ഥാപനങ്ങളും ചേർന്ന് പൊതുജനങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും സാമ്പത്തിക വികസന പ്രവർത്തനങ്ങളും നൽകുന്ന ഒരു വികസന മാതൃകയിൽ പുതിയ പ്രോജക്ടുകൾ ആരംഭിക്കുന്നതിനുള്ള പഠനം നടത്തുന്നതിനും വൈവിദ്ധ്യമാർന്ന പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുമായാണ്.

കൂടാതെ ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**1. റിസ്ക് ഫണ്ട് ബോർഡ് പോർട്ടൽ**

സഹകരണ സംഘങ്ങളിൽ നിന്നും വായ്പ എടുത്തതിന് ശേഷം മരണപ്പെട്ട വ്യക്തികളുടെ ആശ്രിതർക്കും, ഗുരുതരമായ അസുഖങ്ങൾ ബാധിച്ച അംഗങ്ങൾക്കും സാമ്പത്തിക സഹായം ഡിജിറ്റലായി വിതരണം ചെയ്യുന്നതിനുള്ള സംവിധാനമാണ്

Risk Fund Board Portal, ക്ലെയിം സമർപ്പണം, അപേക്ഷ പരിശോധന തുടങ്ങിയ പ്രവർത്തനങ്ങൾ ഇതിലൂടെ നടത്താൻ സാധിക്കും.

**2. കോ-ഓപ്പ് കണക്റ്റ് ആപ്പ്**

സഹകരണ മേഖലയിലെ വിവിധ ഹോം സർവീസ് പ്രൊഫഷണലുകളെ ഉപഭോക്താക്കളുമായി ബന്ധിപ്പിക്കുന്ന ഏകീകൃത പ്ലാറ്റ്ഫോം ആണ് Coop-Connect App. പ്ലംബിംഗ്, ഇലക്ട്രിക്കൽ, പെയിന്റിംഗ്, പെസ്റ്റ് കൺട്രോൾ, സലൂൺ സേവനങ്ങൾ ആപ്പിലൂടെ ലഭ്യമാക്കുകയും ഇതുവഴി യുവതി യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതുമാണ് പദ്ധതിയുടെ ലക്ഷ്യം.

സഹകരണ സേവന മേഖലയിൽ നടപ്പിലാക്കിയ ചുവടെ പറയുന്ന പദ്ധതികൾ പ്രവർത്തന സജ്ജമാകുന്നതിന്റെ അന്തിമ ഘട്ടത്തിലാണ്.

**1. അങ്ങാടി കേരള ആപ്പ്**

'Coop Kerala' സർട്ടിഫിക്കേഷനുള്ള ഉൽപ്പന്നങ്ങൾക്കായുള്ള ഏകീകൃത ഓൺലൈൻ പ്ലാറ്റ് ഫോമായാണ് 'അങ്ങാടി കേരള ആപ്പ് ' രൂപകൽപ്പന ചെയ്തിരിക്കുന്നത്. പ്രസ്തുത ആപ്പ് വഴി ഉപഭോക്താക്കൾക്ക് ഓൺലൈനായി സമീപത്തെ സഹകരണ വിൽപ്പന കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനും ഉൽപ്പന്നങ്ങൾ ഓർഡർ ചെയ്യുന്നതിനും സഹായിക്കുന്നു. മലയാളത്തിലും ഇംഗ്ലീഷിലും ലഭ്യമാകുന്ന ഈ ആപ്പിൽ ഡിജിറ്റൽ പേയ്മെന്റ്, ലോജിസ്റ്റിക്സ് സേവനങ്ങൾ എന്നിവയും ഭാവിയിൽ ഉൾപ്പെടുത്തും.

**2. മെമ്പർ റിലീഫ് ഫണ്ട് (MRF) പോർട്ടൽ**

സഹകരണ സംഘങ്ങളിലെ അർഹരായ അംഗങ്ങൾക്ക് സാമ്പത്തിക സഹായത്തിനായി അപേക്ഷിക്കാനും അപേക്ഷയുടെ നില പരിശോധിക്കാനും സഹായിക്കുന്ന ഓൺലൈൻ സംവിധാനമാണ് Member Relief Fund Portal.

**സെക്ഷൻ ഓഫീസർ**